**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1167** **02-02-2026 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ അഞ്ചു വർഷത്തിൽ കൈപ്പമംഗലം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കഴിഞ്ഞ അഞ്ചു വർഷത്തിൽ കൈപ്പമംഗലം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അഴീക്കോട് പൊമ്പാനോ ഫിൻഫിഷ് ഹാച്ചറിയുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് വ്യക്തമാക്കുമോ; | (ബി) | 2019-2020 സാമ്പത്തിക വർഷത്തിൽ അഴീക്കോട് മേഖല ചെമ്മീൻ വിത്തുല്പാദന കേന്ദ്രത്തിലെ പൊമ്പാനോ മത്സ്യം ഉൾപ്പെടെ ഫിൻഫിഷ് ഹാച്ചറിയുമായി ബന്ധപ്പെട്ട് വികസന പ്രവർത്തനങ്ങൾക്ക് 8.6 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിന്റെ ഭാഗമായി പൊമ്പാനോ മത്സ്യത്തിന്റെ വിത്ത് ഉൽപ്പാദനം സാധ്യമാവുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി നൽകിയ തുകയിൽ 7.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2020-21 ലൈവ് യൂണിറ്റ്, RAS യൂണിറ്റ്, അഡീഷണൽ ഇൻഫ്രാസ്ട്രക്ചർ എന്നീ മൂന്ന് പദ്ധതികളിലായി 147.90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, 131.36 ലക്ഷം രൂപ ചെലവഴിച്ച് മേൽ യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കിയിട്ടുമുണ്ട്.<br><br>2025-26 സാമ്പത്തിക വർഷത്തിൽ RAS ബ്രീഡിംഗ് സംവിധാനത്തിന് 4.53 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൽ 4.51 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊമ്പാനോ മത്സ്യകുഞ്ഞുങ്ങളുടെ റെയറിംഗിന് ഈ സാമ്പത്തിക വർഷം 14.75 ലക്ഷം രൂപയുടെ സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (സി) | മണ്ഡലത്തിൽ പൊതു കുളങ്ങളിൽ കൂടാതെ സ്വകാര്യ കുളങ്ങളിലും മത്സ്യ വിത്ത് നിക്ഷേപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | JMK പദ്ധതി പ്രകാരം വിശാല കാർപ് മത്സ്യകൃഷിയിൽ സ്വകാര്യ കുളങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ച് 100% |

| | | | |
|---|---|---|---|
| | | | സബ്സിഡിയോടു കൂടി ഗവ. ഹാച്ചറികളിൽ നിന്നും മത്സ്യവിത്ത് വിതരണം ചെയ്യുന്നു. കൂടാതെ JMK, PMMSY പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**മത്സ്യഫെഡ് മുഖേന നടത്തിയ പ്രവർത്തനങ്ങൾ**

കഴിഞ്ഞ അഞ്ചു വർഷത്തിൽ കൈപ്പമംഗലം മണ്ഡലത്തിൽ മത്സ്യഫെഡ് നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ചുവടെ പറയും പ്രകാരമാണ്

മത്സ്യഫെഡിന്റെ കൈപ്പമംഗലം ഹാച്ചറിയിൽ 2022-ൽ 17,98,515/- രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും 2025-26-ൽ 9,40,746/- രൂപയുടെ അറ്റകുറ്റപ്പണികൾ നടന്നുവരികയുമാണ്, കൂടാതെ ശ്രീ നാരായണപുരത്ത് 4,74,395/- രൂപ ചെലവിൽ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷ് മാർട്ട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

**KSCADC മുഖേന നടത്തിയ പ്രവർത്തനങ്ങൾ**

കഴിഞ്ഞ അഞ്ചു വർഷത്തിൽ കൈപ്പമംഗലം മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 138.83 ലക്ഷം രൂപ അടങ്കൽ തുകയിൽ ജി.എച്ച്.എസ്.എസ് ഇടവിലങ്ങിൽ സ്കൂൾ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

**HED മുഖേന നടത്തിയ പ്രവർത്തനങ്ങൾ**

കഴിഞ്ഞ അഞ്ചു വർഷത്തിൽ കൈപ്പമംഗലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 11 റോഡുകൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 10 റോഡുകളും പൂർത്തീകരിച്ചു, ഒരു റോഡിന്റെ ദർഘാസ് നടപടികൾ സ്വീകരിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **റോഡിന്റെ പേര്** | **ഭരണാനുമതി തുക (ലക്ഷത്തിൽ)** | **നിലവിലെ അവസ്ഥ** |
|---|---|---|---|
| 1 | ഗ്രാമ്യ റോഡ് പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | 23.80 | പൂർത്തീകരിച്ചു |
| 2 | വീരപ്പൻ റോഡ് - ഏറിയാട് പഞ്ചായത്ത് | 32.00 | പൂർത്തീകരിച്ചു |
| 3 | ചെളവേര റോഡ് - പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | 72.20 | പൂർത്തീകരിച്ചു |
| 4 | ഫോർഷോർ റോഡ് - എസ്.എൻ പുരം പഞ്ചായത്ത് | 40.00 | പൂർത്തീകരിച്ചു |
| 5 | ഇയ്യാണി റോഡ് എടത്തുരുത്തി പഞ്ചായത്ത് | 50.00 | പൂർത്തീകരിച്ചു |
| 6 | മാർക്കറ്റ് ഈസ്റ്റ് റോഡ് - എറിയാട് പഞ്ചായത്ത് | 86.10 | പൂർത്തീകരിച്ചു |
| 7 | വി.കെ. ഗോപാലൻ റോഡ് എറിയാട് ഗ്രാമപഞ്ചായത്ത് | 79.00 | പൂർത്തീകരിച്ചു |
| 8 | കെ.കെ. മുഹമ്മദ് മെമ്മോറിയൽ റോഡ് - എറിയാട് ഗ്രാമപഞ്ചായത്ത് | 23.00 | പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 9 | പൊക്കലായി ബീച്ച് ലിങ്ക് റോഡ് – മതിലകം ഗ്രാമ പഞ്ചായത്ത് | 27.00 | പൂർത്തീകരിച്ചു |
| 10 | ഷാജി കെ അബ്ദു റോഡ് – മതിലകം ഗ്രാമപഞ്ചായത്ത് | 7.70 | പൂർത്തീകരിച്ചു |
| 11 | എംഗൽസ് റോഡ് – പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് | 77.00 | ദർഘാസ് നടപടികൾ സ്വീകരിച്ചു വരുന്നു. |

**<u>ഫിഷറീസ് വകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസ് മുഖാന്തിരം നടപ്പാക്കിയ പദ്ധതികൾ</u>**

പുനർഗേഹം പദ്ധതി പ്രകാരം 272 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുകയും 263 പേർ മാറിത്താമസിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച 313 പേരിൽ 49 പേരുടെ ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്.